21/അഡ്മിൻ/2016/സി സി ആർ സി

കൊച്ചി കാൻസർ ഗവേഷണ കേന്ദ്രം

(ഒരു കേരള സർക്കാർ സ്വയംഭരണ സ്ഥാപനം)

<u>വിജ്ഞാപനം</u>

കേരള സർക്കാർ നിയന്ത്രണത്തിലുള്ള കൊച്ചി കാൻസർ ഗവേഷണ കേന്ദ്രത്തിലെ ഡയറക്ടർ തസ്തികയിലെ ഒഴിവിലേക്ക് ഡെപ്യൂട്ടേഷൻ / കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുവാൻ താഴെ പറയുന്ന യോഗ്യത ഉള്ളവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. ഡെപ്യൂട്ടെഷൻ വ്യവസ്ഥയിൽ നിയമനത്തിനായി വകുപ്പ് ആധ്യക്ഷന്റെ സമ്മത പത്രം സഹിതം അപേക്ഷിക്കേണ്ടതാണ്. വെള്ളകടലാസിൽ തയാറാക്കിയ അപേക്ഷകൾ ജനന തീയതി ,വിദ്യാഭ്യാസ യോഗ്യത തുടങ്ങിയവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം 2016 സെപ്റ്റംബർ 26 - ന് വൈകീട്ട് 5 മണിക്ക് മുൻപായി ചുവടെ ചേർത്തിരിക്കുന്ന വിലാസത്തിൽ ലഭിക്കേണ്ടതാണ്.

യോഗ്യത : -

1) ഇന്ത്യൻ മെഡിക്കൽ കൗൺസിൽ ആക്ട് പട്ടിക ഒന്ന് അല്ലെങ്കിൽ രണ്ട് അഥവാ മൂന്നാം പട്ടികയുടെ രണ്ടാം ഭാഗത്തിൽ വിവരിക്കുന്ന യോഗ്യത നേടിയവരായിരിക്കണം.(മൂന്നാം പട്ടികയുടെ രണ്ടാം ഭാഗത്തിൽ വിവരിക്കുന്ന യോഗ്യതകൾ ഉള്ളവർ ടി ആക്ട് സെക്ഷൻ 13(3) ലെ വ്യവസ്ഥ പാലിക്കുന്നുണ്ടാകണം
2) മെഡിക്കൽ ഓങ്കോളജി /റേഡിയോ തെറാപ്പി /സർജിക്കൽ ഓങ്കോളജി വിഷയങ്ങളിൽ ഏതെങ്കിലും ഒന്നിൽ ഒരു അംഗീകൃത സർവകലാശാലയിൽ നിന്നും ബിരുദാനന്തരബിരുദം /തത്തുല്യ യോഗ്യത നേടിയിരിക്കണം.
3) ഒരു അംഗീകൃത സ്ഥാപനത്തിൽ നിന്നും കുറഞ്ഞത് 10 വർഷത്തെ അദ്ധ്യാപന / ഗവേഷണ പരിചയവും ഉണ്ടായിരിക്കണം.
4) പ്രായം 65 വയസു കവിയരുത്.

നിശ്ചയിച്ചിട്ടുള്ള പ്രതിഫലം പ്രതിമാസം 99000 രൂപ (കൺസോളിഡേറ്റഡ്)

<u>കുറിപ്പ്</u>

പ്രായ പരിധി നിശ്ചയിക്കുന്നത് വിജ്ഞാപന തീയതി അടിസ്ഥാനമാക്കിയായിരിക്കും. മുകളിൽ കൊടുത്തിരിക്കുന്ന പ്രായ പരിധി ഡെപ്യൂട്ടേഷൻ നിയമനങ്ങൾക്കു ബാധകമായിരിക്കുന്നതല്ല.

ഒപ്പ്

സ്പെഷ്യൽ ഓഫീസർ
കൊച്ചി കാൻസർ ഗവേഷണ കേന്ദ്രം
എച്. എം .ടി റോഡ് ,
മെഡിക്കൽ കോളേജ് ക്യാമ്പസ്
എറണാകുളം 683503